# പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 3, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

**<u>സാഹസിക വിനോദസഞ്ചാരം</u>**

*91 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് സാഹസിക ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ സുരക്ഷാക്രമീകരണങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി</u>**

*92 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി വഴി പൂർത്തീകരിച്ച മേൽപ്പാലങ്ങളുടെ വിവരങ്ങൾ, നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ പ്രവൃത്തി പുരോഗതി എന്നിവ

വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും റെയിൽവേ ഫണ്ടിംഗോടെ അനുമതി ലഭിച്ച മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതലയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ കർമ്മ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>തൊഴിലുറപ്പ് നിയമ ഭേദഗതി</u>

*93 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്ക് നിശ്ചയിച്ച സൂചികയിൽ ഏതെല്ലാം കാര്യങ്ങളിലാണ് സംസ്ഥാനം മുൻപിലെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ സംബന്ധിച്ച് പരിഷ്കരിക്കപ്പെട്ട തൊഴിലുറപ്പ് നിയമത്തിൽ എന്തെല്ലാം പ്രതികൂല വ്യവസ്ഥകളാണ് ഉൾപ്പെടുന്നതെന്ന് അറിയിക്കുമോ;

(സി) പുതിയ വ്യവസ്ഥകൾ പ്രകാരം പ്രതിവർഷം അധിക കടബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മുൻകാലങ്ങളിൽ സംസ്ഥാനത്തിനുള്ള ലേബർ ബജറ്റിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയത് മറികടക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## <u>കോഴിക്കോട്-വയനാട് തുരങ്കപാത</u>

*94 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടപ്പിലാക്കുന്ന ആദ്യ തുരങ്കപാത നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിലൂടെ മലയോര മേഖലയിലെ ഗതാഗത സൗകര്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ എത്ര തുക വിനിയോഗിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

## പാഠപുസ്തകങ്ങളിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങൾ

*95 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷം മുതൽ ഭരണഘടനയുമായി ബന്ധപ്പെട്ട് പാഠപുസ്തകങ്ങളിൽ വരുത്തിയ പ്രധാനപ്പെട്ട കൂട്ടിച്ചേർക്കലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) കുട്ടികളിൽ വിമർശനാത്മക ചിന്ത വളർത്തുന്നതിനായി പാഠപുസ്തകങ്ങളിൽ സ്വീകരിച്ചിട്ടുള്ള സമീപനം എങ്ങനെയുള്ളതാണ്; വിശദമാക്കുമോ;

(സി) പരീക്ഷകളിൽ കേവലം ഓർമ്മശക്തി പരീക്ഷിക്കുക എന്നതിന് പകരം വിശകലനശേഷിയും ചിന്താശേഷിയും വളർത്തുന്നതിനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഫിൻലാന്റ് മാതൃകയിലുള്ള വിദ്യാഭ്യാസ രീതിയിൽ നിന്ന് കേരളം ഉൾക്കൊള്ളാൻ ശ്രമിക്കുന്ന പ്രധാന മാതൃകകൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) വിദ്യാകിരണം മിഷൻ എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വിശദമാക്കാമോ?

## പുതുക്കിയ തൊഴിൽ കോഡുകൾ പഠിക്കാൻ വിദഗ്ദ്ധ സമിതി

*96 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനമെടുത്ത സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) തൊഴിലാളി വിരുദ്ധവും കോർപ്പറേറ്റുകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ളതുമായ പുതുക്കിയ തൊഴിൽ കോഡുകൾ സംബന്ധിച്ച് സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) തൊഴിലാളികളുടെ ക്ഷേമവും ഉന്നമനവും മുൻനിർത്തി പുതുക്കിയ തൊഴിൽ കോഡുകൾ സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) തൊഴിൽ മേഖല ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള ഭരണഘടനാപരമായ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

**ക്ഷേമനിധി പെൻഷൻ കുടിശിക**

*97 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശാദായം അടച്ച നിരവധി വ്യക്തികളുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടികൾ**

*98 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ ശൗചാലയങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും മെച്ചപ്പെട്ട നിലയിൽ നൽകുന്നതിന് കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യതകൾ**

*99 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം പഠന-പരിശീലന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളും പരിശീലനങ്ങളും സംസ്ഥാനത്ത് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്(കിറ്റ്സ്)ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കിറ്റ്സിന്റെ സ്റ്റഡി സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൂടുതൽ സ്റ്റഡി സെന്ററുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരളത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിലെ മുന്നേറ്റം

*100 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളും പാലങ്ങളും പൊതുകെട്ടിടങ്ങളും ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിൽ മികച്ച സൗകര്യങ്ങൾ ഒരുക്കുവാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ ദേശീയ സംസ്ഥാനപാതകൾ അന്തർദേശീയ നിലവാരത്തിൽ പരിഷ്കരിച്ചതു പോലെ ഗ്രാമീണ ജില്ലാപാതകളും പത്തു വർഷ ഗ്യാരന്റിയിൽ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ആയുർവേദ അന്താരാഷ്ട്ര വെൽനസ് കോൺക്ലേവ്

*101 **ശ്രീ എം മുകേഷ്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി ദെലീമ**
**ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൽ പ്ലസ് ലെയ്ഷർ ഇന്ത്യ & സൗത്ത് ഏഷ്യയുടെ 2025-ലെ ബെസ്റ്റ് വെൽനസ് ഡെസ്റ്റിനേഷൻ പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ നേട്ടം കൈവരിക്കാൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആദ്യ അന്താരാഷ്ട്ര ആയുർവേദ വെൽനസ് കോൺക്ലേവ് കേരളത്തിൽ വച്ച് നടത്തുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത കോൺക്ലേവിന്റെ

ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) കേരളത്തിന്റെ ആയുർവേദ ചികിത്സാ രീതികൾ ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നതിനും വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം വകുപ്പ് നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ദേശീയപാതകളുടെ വികസനത്തിന് സർക്കാർ ഇടപെടൽ

*102 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ ഇരുപത്തിയഞ്ച് ശതമാനം തുക മുൻകൂറായി കേന്ദ്രത്തിന് നൽകിക്കൊണ്ട് സർക്കാർ നടത്തിയ മാതൃകാപരമായ സാമ്പത്തിക ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ദേശീയപാത വികസന പ്രവൃത്തികൾ നിലവിലെ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലിലൂടെയും കൃത്യമായ ഏകോപനത്തിലൂടെയും പുനരാരംഭിച്ചതിന്റെ പുരോഗതി അറിയിക്കാമോ;

(സി) തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ് തുടങ്ങിയ വൻകിട ദേശീയപാതാപദ്ധതികൾക്കായി കിഫ്ബി വഴി ആയിരക്കണക്കിന് കോടി രൂപ അനുവദിച്ചുകൊണ്ട് അടിസ്ഥാന സൗകര്യവികസനത്തിൽ നടത്തുന്ന നിക്ഷേപങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## പീപ്പിൾസ് റസ്റ്റ് ഹൗസ്

*103 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസ് എന്ന പേരിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തതിലൂടെ സർക്കാർ സേവനങ്ങളുടെ ജനാധിപത്യവൽക്കരണം ഏത് രീതിയിയിൽ സാധ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷം നാളിതുവരെ ഉണ്ടായിട്ടുള്ള വരുമാന വർദ്ധനവ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾ പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം അറിയിക്കാമോ;

(ഡി) റസ്റ്റ് ഹൗസുകളിൽ ഭക്ഷണ സൗകര്യം ഉറപ്പാക്കുന്നതിനായി കാന്റീനുകൾ ആരംഭിക്കുന്നതിലെ പുരോഗതി വിശദമാക്കാമോ;

(ഇ) കേരളത്തിന് പുറത്തുള്ള പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## നേറ്റിവിറ്റി കാർഡ്

*104 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ ഉൾപ്പെടെയുള്ള കേരളീയർക്ക് നേറ്റിവിറ്റി കാർഡ് ലഭ്യമാക്കേണ്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്ന കേരളീയർക്ക് പൊതു സ്വീകാര്യതയുള്ള നേറ്റിവിറ്റി കാർഡ് ലഭ്യമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) നേറ്റിവിറ്റി കാർഡിൽ ഓരോ പൗരനെയും സംബന്ധിക്കുന്ന എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(ഡി) കേരളത്തിന് പുറത്ത് താമസിക്കുന്ന ദമ്പതികൾക്ക് അവിടെ വച്ച് ജനിക്കുന്ന കുട്ടികൾക്ക് നേറ്റിവിറ്റി കാർഡ് അനുവദിക്കുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ;

(ഇ) സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് നേറ്റിവിറ്റി കാർഡ് തിരിച്ചറിയൽ രേഖയായി പരിഗണിക്കുമോ; വിശദീകരിക്കുമോ?

## പിഎം ശ്രീ പദ്ധതി

*105 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായുള്ള പിഎം ശ്രീ പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭ ഉപസമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പദ്ധതിയിൽ നിന്നും പിന്മാറിയത് എന്ന് വ്യക്തമാക്കാമോ;

(സി) പിഎം ശ്രീ പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തീരുമാനം കൈക്കൊണ്ടതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സി. എം. കിഡ്സ് സ്കോളർഷിപ്പ്

*106 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേര് മാറ്റി സി.എം.കിഡ്സ് സ്കോളർഷിപ്പ് എന്ന പേരിൽ പുതിയ പദ്ധതിയായി അവതരിപ്പിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേര് മാറ്റി പുതിയ പദ്ധതിയായി അവതരിപ്പിച്ചപ്പോൾ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് വിതരണത്തിലെ കുടിശിക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## കാരവാൻ ടൂറിസം

*107 **ശ്രീ. എ. രാജ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരവാൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കാരവാൻ പാർക്ക്, കാരവാൻ സർക്യൂട്ട്, കാരവാൻ ഓപ്പറേറ്റേഴ്സ് ലൈസൻസ് തുടങ്ങിയ സംവിധാനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) കാരവാൻ ടൂറിസം പദ്ധതിയിൽ സ്വകാര്യ നിക്ഷേപകരുടെയും ഹോംസ്റ്റേ/റിസോർട്ട് ഓപ്പറേറ്റർമാരുടെയും പങ്കാളിത്തം ഉറപ്പാക്കാനായി പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡികളും ഇളവുകളും വിശദമാക്കാമോ; സംസ്ഥാനത്ത് എത്രപേർ ഈ പദ്ധതിക്കായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കാരവാൻ ടൂറിസം സംസ്ഥാനത്ത് ആരംഭിച്ചതിന് ശേഷം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിലവസരം, വരുമാനം, ടൂറിസ്റ്റുകളുടെ വരവ് എന്നീ കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഡിസൈൻ പോളിസി ടൂറിസം

*108 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**

**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഡിസൈൻ പോളിസി ടൂറിസം വികസനത്തിന് എങ്ങനെയെല്ലാമാണ് സഹായകരമാകുന്നതെന്ന് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ഏകീകരണം സാധ്യമാകുന്നതിന് ഡിസൈൻ പോളിസി സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വിനോദസഞ്ചാര മേഖലയിലെ പഴയ കെട്ടിടങ്ങൾ നവീകരിക്കുമ്പോൾ അവയുടെ പൈതൃകത്തനിമ നിലനിർത്തിക്കൊണ്ടുള്ള ഡിസൈൻ ഉറപ്പാക്കാൻ പ്രസ്തുത പോളിസിയിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഗ്രാമീണ ടൂറിസം പദ്ധതികളിൽ ഡിസൈൻ പോളിസി നടപ്പിലാക്കുമ്പോൾ പ്രാദേശിക തനിമയും കലകളും കെട്ടിട നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ പദ്ധതികളുണ്ടോ?

## <u>റവന്യൂ വകുപ്പിന്റെ ഓൺലൈൻ സംവിധാനം</u>

*109 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് സംസ്ഥാനത്തെ ഭൂനികുതിയും മറ്റ് നികുതികളും അടയ്ക്കാൻ റവന്യൂ വകുപ്പ് സജ്ജമാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനത്തിന്റെ വിശദാംശം നൽകാമോ;

(ബി) വിദേശ രാജ്യങ്ങളിലുള്ളവർക്ക് നാട്ടിലെ റവന്യൂ സേവനങ്ങൾ എളുപ്പമാക്കുന്നതിനായി റവന്യൂ വകുപ്പ് മുന്നോട്ടുവയ്ക്കുന്ന മൂന്ന് പ്രധാന ദർശനങ്ങൾ (വിഷൻ) എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) വിദേശത്തുള്ള ഒരാൾക്ക് തന്റെ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും മാപ്പുകളും പരിശോധിക്കാൻ സഹായിക്കുന്ന ഏകീകൃത പോർട്ടലിന്റെ വിവരങ്ങൾ വിശദമാക്കാമോ;

(ഡി) സുസ്ഥിര റവന്യൂ മാതൃക കെട്ടിപ്പടുക്കുന്നതിലൂടെ പ്രവാസികൾക്ക് ലഭിക്കുന്ന പ്രധാന ഗുണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## <u>ദൂരപരിധി കണക്കാക്കി സ്കൂളുകൾ ആരംഭിക്കാൻ നടപടി</u>

*110 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കിലോമീറ്റർ പരിധിയിൽ എൽ.പി. സ്കൂളുകളോ മൂന്ന് കിലോമീറ്റർ പരിധിയിൽ യു.പി. സ്കൂളുകളോ ഇല്ലാത്ത പ്രദേശങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇപ്രകാരം സ്കൂളുകൾ ഇല്ലാത്തതായി കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ എളാമ്പ്രയിൽ എൽ.പി. സ്കൂൾ വേണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്നത്തേക്ക് സ്കൂൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>പാട്ടക്കുടിശിക പിരിച്ചെടുക്കാൻ നടപടി</u>

*111 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ ആയിരം കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ടെന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ പാട്ടനിരക്ക് നിശ്ചയിക്കുന്നത് എപ്രകാരമാണ്; പാട്ടത്തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ നിമിത്തമാണ് പാട്ടത്തുകയിൽ കുടിശിക വരുത്തുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പാട്ടക്കുടിശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>സ്കൂളുകളിൽ എ. ഐ. ലാബുകളും ക്ലബ്ബുകളും</u>

*112 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ എ. ഐ. ലാബുകളും ക്ലബ്ബുകളും ആരംഭിച്ചതിലൂടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) കോവിഡ് കാലത്ത് കുട്ടികളുടെ പഠനം തടസ്സം ഇല്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ ഫസ്റ്റ് ബെൽ പദ്ധതി സഹായിച്ചത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(സി) ഡിജിറ്റൽ ഡിവൈഡ് മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ സ്കൂളുകളിൽ ഏകദേശം എത്ര ലാപ്ടോപ്പുകളും പ്രൊജക്ടറുകളുമാണ് ഇതുവരെ വിന്യസിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിത പഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഗുണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്

*113 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കൗമാരക്കാരുടെയും സാമൂഹിക വെല്ലുവിളികളും മാനസിക പ്രശ്നങ്ങളും ലഘൂകരിക്കുന്നതിനും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനും സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് മാനസിക സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിന് വനിത-ശിശുവികസന വകുപ്പുമായി സഹകരിച്ച് കൂടുതൽ സൈക്കോ സോഷ്യൽ കൗൺസിലർമാരെ നിയമിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാമൂഹിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ടെലിഫോണിലൂടെ കൗൺസിലിംഗ് ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സ്വതന്ത്രമായി കൗൺസിലർമാരോട് സംസാരിക്കുന്നതിനും പ്രശ്നപരിഹാരം തേടുന്നതിനും എല്ലാ സ്കൂളുകളിലും മികച്ചതും സ്വകാര്യതയുള്ളതും സുരക്ഷിതവുമായ സംവിധാനം ഒരുക്കുമോ; വ്യക്തമാക്കാമോ?

## ടൂറിസം മേഖലയിലെ ഡിസൈൻ പോളിസി

*114 **ശ്രീ. എച്ച്. സലാം**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളുടെ രൂപകൽപ്പനയിലെ വെല്ലുവിളികൾ നേരിടുന്നതിനും അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഡിസൈൻ പോളിസി എങ്ങനെയാണ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ;

(ബി) ഡിസൈൻ പോളിസി സർക്കാർ അംഗീകരിച്ച് നടപ്പാക്കിയതിന് ശേഷമുള്ള പൊതുയിടങ്ങളുടെ നവീകരണത്തിലും ബീച്ചുകൾ, പാർക്കുകൾ എന്നിവയുടെ

രൂപകൽപ്പനയിലും ഉണ്ടായിട്ടുള്ള സ്വാധീനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പാരിസ്ഥിതികാഘാതം കുറയ്ക്കാൻ കഴിയും വിധം ഡിസൈൻ പോളിസി നടപ്പിലാക്കിയതിന്റെ അനുഭവങ്ങൾ വ്യക്തമാക്കാമോ;

(ഡി) മാലിന്യ സംസ്കരണത്തിലും ശുചിത്വ പരിപാലനത്തിലും പ്രസ്തുത പോളിസി എങ്ങനെയാണ് സ്വാധീനം ചെലുത്തിയതെന്ന് വിശദമാക്കാമോ?

**<u>ക്ലാസിഫൈഡ് ഹോം സ്റ്റേകളുടെ വർദ്ധന</u>**

*115 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലാസിഫൈഡ് ഹോം സ്റ്റേകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി നടപ്പാക്കിയ പ്രധാന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഹോം സ്റ്റേകൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ ഓൺലൈൻ രീതിയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓൺലൈൻ സംവിധാനം സംരംഭകർക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ട്; ഈ സംവിധാനം വഴി ലൈസൻസിംഗ് പ്രക്രിയയിലെ കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഹോം സ്റ്റേ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ ലളിതവൽക്കരിക്കുക വഴി ചെറുകിട സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്ത് റെസ്പോൺസിബിൾ ടൂറിസം മിഷനുമായി സഹകരിച്ച് ഹോം സ്റ്റേ മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യകൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വികസനം ഉറപ്പാക്കുന്നതിനും പദ്ധതികളുണ്ടോ; വിശദമാക്കാമോ;

(ഇ) ആഭ്യന്തര-വിദേശസഞ്ചാരികളുടെ വർദ്ധനവ് പരിഗണിച്ച് സംരംഭകർക്ക് എല്ലാ സീസണിലും വരുമാനം ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>പിഎം ശ്രീ പദ്ധതി</u>**

*116 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായുള്ള പിഎം ശ്രീ പദ്ധതിയിൽ സംസ്ഥാന സർക്കാർ എന്നാണ് ഒപ്പുവെച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പിഎം ശ്രീ പദ്ധതിയിൽ ഒപ്പ് വച്ചതിന്റെ ഭാഗമായി സംസ്ഥാനത്തിന് സമഗ്ര ശിക്ഷാ ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പിഎം ശ്രീ പദ്ധതി സംബന്ധിച്ച തുടർതീരുമാനങ്ങൾ കൈക്കൊള്ളാൻ രൂപീകരിച്ച മന്ത്രിസഭാഉപസമിതി യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കാമോ?

## ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ അവകാശങ്ങൾ

*117 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## മലയോര ഹൈവേ പദ്ധതി

*118 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി ഫണ്ട് വഴി നടപ്പിലാക്കുന്ന മലയോര ഹൈവേ വികസനത്തിനായി അനുവദിച്ച സാമ്പത്തികാനുമതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ അനുവദിച്ച തുകയുടെ വിനിയോഗത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) മേൽ പരാമർശിച്ച പദ്ധതിയുടെ ഭാഗമായി നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെയും കിഫ്ബി ഫണ്ട് വഴി യാഥാർത്ഥ്യമാക്കിയ പ്രവൃത്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) മലയോര ഹൈവേ പൂർത്തിയാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിലും ടൂറിസം രംഗത്തും പൊതുവിൽ സാമ്പത്തിക രംഗത്തുമുണ്ടാകുന്ന മാറ്റങ്ങൾ

വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**ദേശീയപാത-66 ന്റെ നിർമ്മാണ പുരോഗതി**

*119 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദേശീയപാത 66-ൽ നിർമ്മാണം പൂർത്തിയായ റീച്ചുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റീച്ചുകൾ നിലവിൽ പൊതുജനങ്ങൾക്ക് ഗതാഗതത്തിനായി തുറന്ന് കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ദേശീയപാത 66-ന്റെ എല്ലാ റീച്ചുകളുടെയും നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**തലപ്പാടി-ചെർക്കള ദേശീയ പാതയിലെ ടോൾ പിരിവ്**

*120 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ ഒന്നാം റീച്ച് ആരംഭിക്കുന്ന തലപ്പാടി-ചെർക്കള പാതയിൽ ടോൾ പിരിക്കുന്നതിലെ അപാകത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുമ്പളയിൽ നിന്നും നാൽപത്തൊന്ന് കിലോമീറ്റർ ദൂരമുള്ള മംഗളൂരു വരെ പോകുന്നതിന് രണ്ടിടത്തായി 280 രൂപ ടോൾ നൽകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ട് ടോൾ പ്ലാസകൾ തമ്മിലുള്ള ദൂരവ്യത്യാസം ഈ മേഖലയിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ആവശ്യങ്ങൾക്കായി കാസർകോട് നിന്നും കർണ്ണാടകയിലേക്ക് പോകേണ്ടി വരുന്നവരുടെ ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ജനുവരി 25, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം

വൈകുന്നേരം 5 മണിക്ക് മുമ്പായി
ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].